ഫെബ്രുവരി 2024

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ





സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി
സ്ഥാനമേറ്റ മാർ റാഫേൽ തട്ടിൽ പിതാവിന്
അയ്യന്തോൾ ഇടവകയുടെ ആശംസകൾ



## ഏറെ നന്ദിയോടെ...

പൗരോഹിത്യ സഹനങ്ങളും
നൂതന ചിന്തകളും ലാളിത്യ
ജീവിതവുംകൊണ്ട് അയ്യന്തോൾ
ഇടവകക്കായ് മൂന്നു വർഷക്കാലം
പൂർണ്ണമായ് സമർപ്പിച്ച പ്രിയ വികാരി
**ജെയ്സനച്ചന്**
ഇടവകയുടെ സ്നേഹനിർഭരമായ
യാത്രാമംഗളങ്ങൾ. ഇനിയും
ഉന്നതിയിലേക്ക് പറക്കട്ടെയെന്ന
ആത്മാർത്ഥമായ ആശംസകൾ...



## സ്നേഹ സ്വാഗതം..

സമാധാനത്തിന്റെയും ആത്മീയതയുടെയും
ആഴങ്ങളിലേക്ക് ഇടവക ജനത്തെ
നയിക്കാൻ പുതിയ വികാരിയായി
ചുമതലയേൽക്കുന്ന
**റവ. ഫാ. വർഗ്ഗീസ് എടക്കളത്തൂരിന്**
ഇടവകയുടെ സ്വാഗതാശംസകൾ.
ഒപ്പം സഹകരണ വാഗ്ദാനങ്ങളും

## 12-ാം ചരമവാർഷികം
08.02.2024



### കോമ്പാറ റപ്പായി
# ലോനപ്പൻ

ജനനം : 13.09.1933
മരണം : 08.02.2012

## 2-ാം ചരമവാർഷികം
20.11.2024



### കോമ്പാറ ലോനപ്പൻ ഭാര്യ
# കൊച്ചുത്രേസ്യ

ജനനം : 27.12.1940
മരണം : 20.11.2022

**അയ്യന്തോൾ**

വേർപാടിന്റെ വേദനയുമായി കുടുംബാംഗങ്ങൾ

ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ



# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com

പുസ്തകം 30
2024 ഫെബ്രുവരി
ലക്കം 2



ചീഫ് എഡിറ്റർ
ഫാ. ജെയ്സൻ പുന്നശ്ശേരി 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. ജേക്കബ് തോലത്ത് 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ത്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റെവ. സി. കാതറിൻ CHF 9497301738
ശ്രീ. ജെയ്സൺ കുറ്റ 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപ്പുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊള്ളന്നൂർ 8943554456
ശ്രീ. ജോർജ്ജ് കൈതക്കൽ 9447458560
ശ്രീ. ഫ്രാൻസിസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. ടോജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർളിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)
നടത്തുകൈക്കാരൻ
ശ്രീ. ജോഷി കൊള്ളന്നൂർ 9447442448


**ഇടവക പള്ളിയിലെ**
**വിശുദ്ധ കുർബ്ബാന സമയം**

സാധാരണ ദിവസം – 6.30 a.m
ഞായർ – 6.30 a.m 9.45 a.m

## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഓർമ്മിക്കുക ആചരിക്കുക | 03 |
| ഇടയശബ്ദം | 04 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 05 |
| വി. ബനഡിക്റ്റ് | 06 |
| ഈസോപ്പ് | 08 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 09 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 10 |
| ക്രൂശിതന്റെ പിന്നാലെ | 13 |
| വിശ്വാസ പരിശീലന വാർത്തകൾ | 15 |
| ഇടവകയിൽനിന്നും മാറിയവർ | 17 |
| ഇടവകയിലേക്ക് വന്നവർ | 17 |
| ഞങ്ങൾ വരവായി | 17 |
| ഞങ്ങൾ യാത്രയായി | 17 |
| ഞങ്ങൾ ഒന്നായി | 18 |
| വിശ്വാസപരിശീലനം | 19 |
| സൗഹൃദത്തിന്റെ വില | 20 |
| ബാല്യമാം ഏടുകൾ | 21 |
| ബൈബിൾ ക്വിസ് | 22 |
| ചായക്കൂട്ട് മത്സരം | 24 |


നടത്തുകൈക്കാരൻ
ശ്രീ. ജോഷി കൊള്ളന്നൂർ 9447442448

**പള്ളി ഓഫീസ് സമയം**

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m. |
| | 6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**


കവർ : വിൻസൺ ആളൂർ കൊക്കൻ--+919745844551

# എഡിറ്റോറിയൽ



## കാൻഡിൽ മാസ് ഡെ

ഫെബ്രുവരി 2ന് ആണ് കർത്താവിന്റെ ദേവാലയപ്രവേശന തിരുന്നാൾ ആചരിക്കുന്നത്. അന്നേദിവസം മെഴുകുതിരികളുടെ ആശീർവാദവും അവ കത്തിച്ചുപിടിച്ചുകൊണ്ടുള്ള പ്രത്യേക പ്രാർത്ഥനയും നടത്താറുണ്ട്. യേശുവിന്റെ ജനനതിരുന്നാൾ കഴിഞ്ഞ് 40 ദിവസത്തിനുശേഷം വിശുദ്ധ യൗസേപ്പിതാവും പരിശുദ്ധ കന്യകാമേരിയും ഉണ്ണിയേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചതിനെ സ്മരിക്കുന്നതാണ് ഈ തിരുന്നാൾ. ക്രിസ്തു ലോകത്തിന്റെ പ്രകാശമാണ് എന്ന് സൂചിപ്പിക്കാനാണ് മെഴുകുതി കത്തിക്കുന്നത്.

'കാൻഡിൽ മാസ് ഡേ' എന്ന് ഈ ദിവസം അറിയപ്പെടുന്നു. ഈ ദിവസം വരെ ക്രിസ്തുമസ്സിന്റെ പുൽക്കൂടും മറ്റു അലങ്കാരങ്ങളും നിർത്തേണ്ടതുണ്ട്. കാരണം കർത്താവിന്റെ ദേവാലയ പ്രവേശന തിരുന്നാളിനാണ് തിരുപ്പിറവി ആഘോഷങ്ങൾ പൂർത്തിയാകുന്നത്. പരിശുദ്ധ കന്യകാമറിയത്തിന്റെ ശുദ്ധീകരണ തിരുന്നാളും ഈ ദിനം തന്നെ. ഈ അവസരത്തിലാണല്ലോ ശിമയോന്റെ പ്രവചനങ്ങൾ. ശിശുവിനെ കയ്യിലെടുത്ത് ശിശുവായ യേശു മിശിഹയാണെന്ന് വെളിപ്പെടുത്തുകയാണ്. തീക്ഷ്ണമായ ആത്മീയ ജീവിതം നയിച്ചവരാണ് ശിമയോനും പ്രവാചികയായ അന്നയും. യേശുവിനെ 'മിശിഹാ'യാണെന്ന് തിരിച്ചറിയാൻ സാധിച്ചതിന്റെ വെളിച്ചത്തിൽ ഈ ദിവസത്തെ പ്രാർത്ഥിക്കുന്നവരുടെ ദിനത്തിന്റെ അനുബന്ധമായി സഭ നിരീക്ഷിക്കുന്നു. 1997ൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ എല്ലാ ഫെബ്രുവരി 2-ാം തിയതിയും സമർപ്പിത ദിനമായി ആചരിക്കാൻ തീരുമാനിച്ചു. പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാൻ വന്നവനായ യേശുവിന്റെ ദൈവീകരഹസ്യം ഇതാ ഞങ്ങളിലൂടെ നിറവേറ്റപ്പെടുകയാണ് എന്ന സത്യമാണ് ഇവരെ നയിക്കുന്നത്.

സഹനത്തിന്റേയും വൈരുദ്ധ്യങ്ങളുടെയും പ്രവചനങ്ങളായിരുന്നു ശിമയോന്റേത്. 'മഹത്തായ കുരിശ്' എന്ന് വി. സിറിൾ ഇതിനെ വിശേഷിപ്പിക്കുന്നു. ശിമയോൻ ദേവാലയത്തിലേക്ക് ആ സമയത്ത് വന്നത് തന്നെ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ആണ്. ശിശുവിനെ കൈയിലെടുത്ത് ദൈവത്തെ സ്തുതിച്ച് കൊണ്ട് പറഞ്ഞു: കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമെ! എന്തെന്നാൽ സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. "നിന്റെ ഹൃദയത്തിലൂടെ ഒരുവാൾ തുളച്ചുകയറും' - മാതാവിന്റെ സഹനത്തെക്കുറിച്ചുള്ള പ്രവചനത്തിന്റെ പൊരുൾ പരി. അമ്മ അപ്പോൾ മനസ്സിലാക്കിയോ എന്തോ? ഇത്രയൊക്കെ ശിമയോൻ പ്രവചിച്ചതിനാൽ ഈ ദിനത്തെ വെളിപാടിന്റെ ദിനമായും കണക്കാക്കാം.

ഇവിടെ ശിമയോന്റെയും അന്നായുടെയും പ്രാർത്ഥനാജീവിതം സൂചിപ്പിക്കുന്നത് സമയം ചിലവഴിക്കാൻ പ്രാർത്ഥനയേക്കാൾ മഹത്തായ മറ്റൊന്നില്ല എന്നാണ്. അനുതപിച്ച് പ്രാർത്ഥിക്കുന്നവർ യഥാർത്ഥ ആത്മീയ ജീവിതം നയിക്കാൻ കഴിവുള്ളവരാണ്. ദൈവപുത്രൻ സ്വയം വെളിപ്പെടുത്തുന്നതും ആന്തരികദർശനം നൽകുന്നതും ഇത്തരക്കാർക്കുതന്നെ. ഒരു ജോഡി പ്രാവിൻകുഞ്ഞുങ്ങളെയാണ് മാതാപിതാക്കൾ ഉണ്ണീശോയ്ക്കായി സമർപ്പിക്കാൻ മോശയുടെ നിയമമനുസരിച്ച് കൊണ്ടുവന്നത്. ദൈവപുത്രന് ഇത്ര ദരിദ്രനാകേണ്ട ആവശ്യമുണ്ടോ? എളിയ ജീവിതരീതിയും, നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുന്നവരെ ദൈവം എങ്ങനെ പരിപാലിച്ചുയർത്തും എന്ന് നമുക്ക് വിവേചിച്ചറിയാം. ലൂർദ്ദുമാതാവിന്റെ തിരുനാളിനൊരുക്കമായി നമുക്ക് 3 നോമ്പെടുക്കാം. വി. എസ്തപ്പാനോടും വാ. റാണിമരിയയോടും നമുക്കീ മാസം മാധ്യസ്ഥം തേടി പ്രാർത്ഥിക്കാം.

**പത്രാധിപസമിതി**




## ഓർമ്മിക്കുക ആചരിക്കുക

### 2024 ഫെബ്രുവരി

| | | |
|---|---|---|
| 01-02-2024 | വ്യാഴം | വി. ബ്രിജീത്ത |
| 02-02-2024 | വെള്ളി | നമ്മുടെ കർത്താവിന്റെ കാഴ്ചവെപ്പ് |
| 03-02-2024 | ശനി | വി. ജോൺ ബ്രിട്ടോ |
| 05-02-2024 | തിങ്കൾ | വി. അഗാത്ത |
| 06-02-2024 | ചൊവ്വ | വി. ഗോൺസാലോ ഗാർസിയ |
| 11-02-2024 | ഞായർ | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 12-02-2024 | തിങ്കൾ | വിഭൂതി തിങ്കൾ |
| 13-02-2024 | ചൊവ്വ | വി. കാതറിൻ |
| 14-02-2024 | ബുധൻ | വി. വാലന്റയിൻ |
| 15-02-2024 | വ്യാഴം | വി. ഫൗസ്തിനൂസ് |
| 21-02-2024 | ബുധൻ | വി. പീറ്റർ ഡാമിയൻ |
| 23-02-2024 | വെള്ളി | വി. പോളികാർപ്പ് |
| 25-02-2024 | ഞായർ | വാഴ്ത്തപ്പെട്ട സി. റാണി മരിയ |
| 28-02-2024 | ബുധൻ | വി. റൊമാനുസ് |
| 29-02-2024 | വ്യാഴം | വി. ദാസ് വാർഡ് |

# ഇടയശബ്ദം





"എന്നെ ശക്തിപ്പെടുത്തുന്ന നമ്മുടെ കർത്താവയ യേശു ക്രിസ്തുവിനു ഞാൻ നന്ദി പറയുന്നു. എന്തെന്നാൽ തന്റെ ശുശ്രൂഷയ്ക്കായി എന്നെ നിയമിച്ചു കൊണ്ട് അവൻ എന്നെ വിശ്വസ്തനായി കണക്കാക്കി" (1 തിമോ.1:12) ദൈവദാനങ്ങളും അനുഗ്രഹങ്ങളും സ്വീകരിക്കുന്ന മനുഷ്യ ഹൃദയത്തിൽ ഉയരേണ്ട ഭാവമാണ് കൃതജ്ഞത. ദാനമായി ലഭിച്ചു. ദാനമായി തന്നെ കൊടുക്കുന്നതിലാണ് മനുഷ്യൻ ആനന്ദം കണ്ടെത്തേണ്ടത്.

മൂന്നു വർഷം മുമ്പ് കോവിഡ് മഹാമാരിക്കിടയിൽ ഈ ഇടവകയിലേക്ക് കടന്നു വരുമ്പോൾ ഏകാന്തതയുടെയും രോഗപീഢകളുടെയും കാലമായിരുന്നു. കർത്താവിൽ ആശ്രയിച്ച്, പ്രാർത്ഥിച്ച നിമിഷങ്ങൾ മറക്കാനായിട്ടില്ല. മനുഷ്യൻ സമ്പാദിച്ചതും, ദാനമായി ലഭിച്ചതും, ഒന്നും അവനെ രക്ഷിച്ചില്ല എന്ന സത്യം ഓരോ കോവിഡ് മരണം നമ്മെ ഓർമ്മിപ്പിച്ചു. രക്തബന്ധങ്ങൾ പോലും അവഗണിക്കപ്പെട്ട മൃതസംസ്കാര ശുശ്രൂഷകൾ ഇരുത്തി ചിന്തിപ്പിച്ചു. വാ മൂടി കെട്ടിയിരുന്നെങ്കിലും ഹൃദയം ദൈവസന്നിധിയിൽ തുറന്നുവച്ചപ്പോൾ ഒത്തിരി ആശ്വാസം അനുഭവിച്ചു. "അങ്ങയിൽ ഹൃദയമുറപ്പിച്ചിരിക്കുന്നവനെ അങ്ങ് സമാധാനത്തിന്റെ നികവിൽ സംരക്ഷിക്കുന്നു. എന്തെന്നാൽ അവൻ അങ്ങയിൽ ആശ്രയിക്കുന്നു. കർത്താവിൽ എന്നേയ്ക്കും ആശ്രയിക്കുവിൻ; ദൈവമായ കർത്താവ് ശാശ്വതമായ അഭയശിലയാണ്." (ഏശയ 26: 3 - 4)

ഓരോ ഇടവകയും വ്യത്യസ്തമാണ്. ദേശം, സംസ്കാരം, വിശ്വാസത്തിന്റെ ആഴം, ആചാരാനുഷ്ഠാനങ്ങൾ, ജീവിതരീതി. എങ്കിലും ക്രിസ്തുവിലുള്ള വിശ്വാസം അവരെ ഒന്നിപ്പിക്കുന്നുവെന്നതിലാണ് ഞങ്ങൾ ഞങ്ങളുടെ ശുശ്രൂഷ മേഖല കണ്ടെത്തുന്നത്. ഒത്തിരിയേറെ നന്മകൾ ഞാൻ ഈ ഇടവകയിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. കുറച്ചെങ്കിലും വത്യസ്ഥമായ രീതിയിൽ, ശൈലിയിൽ നൽകാനും ശ്രമിച്ചിട്ടുണ്ട്. എന്നെ സ്നേഹിച്ചവരും, സഹായിച്ചവരും, എനിക്ക് വേണ്ടി പ്രാർത്ഥിച്ചവരും ഈ ഇടവകയിലുണ്ട്. ഒത്തിരി നന്ദി. കർത്താവിന്റെ നാമത്തിൽ ശുശ്രൂഷ

ചെയ്യാനാണ് ഞാൻ ഈ ഇടവകയിൽ വന്നത്. ഒരു പക്ഷേ, എത്ര കണ്ട് അത് ഓരോരുത്തരിലും എത്തിക്കാനായി എന്ന് ചോദിച്ചാൽ...

വിള ഭൂമി കിളച്ച് ഒരുക്കുകയും വളമിടുകയും ചെയ്യുക എന്നത് മാത്രമേ കൃഷിക്കാരനു ചെയ്യാനുള്ളൂ. ഫലം ചൂടേണ്ടത് ഓരോ ഫലവൃക്ഷവുമാണ്. യജമാനൻ പറഞ്ഞത് പോലെ ചുവടു കിളച്ചു വളമിട്ടു. ദൗത്യം പൂർത്തിയാക്കി സംതൃപ്തിയോടെ മടങ്ങുന്നു. പുതിയ വിളഭൂമിയിലേയ്ക്ക്. കർത്താവ് എനിക്കായി ഒരുക്കിയ വിശുദ്ധമായ ഇടത്തേയക്ക് യാത്രയാകുന്നു. നൂറുമേനി ഫലം പുറപ്പെടുവിപ്പിക്കുമെന്ന പ്രതീക്ഷയോടെ..

ഒത്തിരി നന്ദിയോടെ

**ജെയ്സനച്ചൻ**

---

# പ്രതിനിധിയോഗ തീരുമാനങ്ങൾ
## 17.12.2023

1. 2023 ഒക്ടോബർ, നവംബർ മാസത്തിലെ കണക്കും, ഓഡിറ്റ് റിപ്പോർട്ടും പ്രതിനിധിയോഗ റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
2. ഇടവക പള്ളിയുടെ സ്ഥാവരജംഗമ വസ്തുക്കളുടെ വാല്യു കണക്കാക്കുന്നതിന് Inventory book തയ്യാറാക്കേണ്ടതിന് ജെയിംസ് കളപ്പുരക്കലിനെ തെരഞ്ഞെടുത്തു.
3. അയ്യന്തോൾ ഇടവകയിൽ നിന്നും ഇടവക മാറി വല്ലച്ചിറ ഇടവകയിലേക്ക് താമസം മാറ്റി വീട് പണിയുന്ന പേളി ആന്റണിയുടെ അപേക്ഷ പരിഗണിച്ചും, സാമ്പത്തിക ബുദ്ധിമുട്ട് മനസ്സിലാക്കിയും 50000/- രൂപ നൽകാൻ തീരുമാനിച്ചു.
4. പുതൂർക്കര മഡോണ യൂണിറ്റ് പരിധിയിൽ താമസിക്കുന്ന ശശികുമാർ മകൻ ആദിത്യയുടെ ചികിത്സാവശ്യാർത്ഥം 10000/- രൂപ അപേക്ഷ പരിഗണിച്ച് നൽകാൻ തീരുമാനിച്ചു.
5. കേന്ദ്രസമിതി കുടുംബകൂട്ടായ്മയുടെയും സംഘടനകളുടെയും ആഘോഷങ്ങൾ സമയക്രമം പാലിച്ച് നല്ല ചിട്ടയോട് നടത്താൻ അനുവദിച്ചു.
6. ക്രിസ്മസ്സിനോടനുബന്ധിച്ച് നോമ്പുവീടൽ ചടങ്ങിന് ഇറച്ചികറി ഉണ്ടാക്കുന്നതിനും 110 കി.ഗ്രാം പോത്തിറച്ചി വാങ്ങുന്നതിനും ബ്രഡും വാങ്ങി നടത്താൻ നിക്കോളാസ് വടക്കൻ, ജോൺസൺ കാഞ്ഞിരത്തിങ്കൽ, സൈമൺ എ.ജെ. എന്നിവരുടെ കമ്മിറ്റി തെരഞ്ഞെടുത്തു. നല്ല രീതിയിൽ നടത്താൻ തീരുമാനിച്ചു.

**അഡ്വ. നെറ്റോ എൻ. ജെ.**, പ്രതിനിധിയോഗം സെക്രട്ടറി

# താപസവൃത്തിയുടെ വഴികാട്ടി വി. ബനഡിക്റ്റ്

**ഡെയ്സി അന്തപ്പൻ**
സെന്റ് മേരീസ് യൂണിറ്റ്



എ.ഡി 480 നോടടുത്ത് അനീചിയൂസിന്റെയും സിയയുടെയും ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ആദ്യപുഷ്പമാണ് ബനഡിക്റ്റ്. അതിനുശേഷം ഡിക്കൊളാസ്റ്റിക്കാ എന്ന് പേരായ ഒരു മകൾ കൂടി ഇവർക്ക് ജനിച്ചു. സന്താനങ്ങളെ സന്മാർഗ്ഗനിഷ്ഠയിലും പുണ്യങ്ങളിലും വളർത്തുവാൻ മാതാപിതാക്കൾ ശ്രദ്ധിച്ചു. അക്കാലത്ത് ഇന്നത്തേതുപോലുള്ള വിദ്യാഭ്യാസ രീതികൾ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും തങ്ങളുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാൻ മാതാപിതാക്കൾ ഉത്സാഹിച്ചു. ചെറുപ്പം മുതൽ മരിയ ഭക്തി അവനിൽ നിറഞ്ഞുനിന്നിരുന്നു. അവന്റെ മുറിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ഒരു തിരുസ്വരൂപം അവൻ വച്ചിരുന്നു. ദിവസവും ഈ രൂപത്തിൽ പുഷ്പമാല ചാർത്തി ദീപം തെളിച്ച് അമ്മയ്ക്കരികെ സാഷ്ടാംഗം പ്രണമിച്ച് അവൻ പ്രാർത്ഥിക്കുമായിരുന്നു. ന്യൂർസിയാസിൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. അതിനാൽ തങ്ങളുടെ മകനെ റോമാനഗരത്തിലേക്ക് അയയ്ക്കുവാൻ അവർ തീരുമാനിച്ചു. കത്തോലിക്കാ വിശ്വാസികൾ ധാരാളമുള്ള ടൈബർ നദീതീരത്ത് ഒരു വീട് വാടകയ്ക്ക് എടുത്തു. ബനഡിക്റ്റിനെ നല്ലതുപോലെ പഠിപ്പിക്കാനും നല്ല ശിക്ഷണത്തിൽ വളർത്തുവാനും വേണ്ടി കഴിവും ഭക്തിയുള്ളവളുമായ 'സിറില്ല' എന്ന സ്ത്രീയേയും നിയമിച്ചു. അവൾക്ക് തന്റെ കുഞ്ഞിന്റെ മേൽ മാതൃസഹജമാല എല്ലാ അധികാരവും കൊടുത്തു. സിറില്ലായുടെ കീഴിൽ പത്തുവയസ്സുകാരന്റെ പഠനം പുരോഗമിച്ചു. സിറില്ലായുടെ സംരക്ഷണത്തിലായിരുന്നതുകൊണ്ട് കൗമാരത്തിന്റെ ചാപല്യങ്ങളിലേക്കൊന്നും വഴുതിവീഴാൻ ബനഡിക്റ്റിന് ഇടയായില്ല. അത്രയ്ക്കു വിലപ്പെട്ടതായിരുന്നു ഈ പോറ്റമ്മയുടെ ശിക്ഷണം. ബനഡിക്റ്റിന്റെ ഹൃദയം ദൈവത്തിനായി ദാഹിച്ചു. ദൈവസാന്നിദ്ധ്യത്തിൽ മുഴുകുവാൻ ഏതെങ്കിലും വനത്തിൽ പോയി ഏകാന്തതയിൽ ധ്യാനനിമഗ്നനായിരിക്കുവാൻ അവൻ നിശ്ചയിച്ചു. ബനഡിക്റ്റ് പഠനം ഉപേക്ഷിച്ച് റോമാനഗരത്തിൽ നിന്ന് ഇറങ്ങി. സിറില്ല നിശബ്ദ

യായി അവനെ അനുഗമിച്ചു. കരിമ്പാറകൂട്ടങ്ങളും മലഞ്ചെരിവുകളും താണ്ടി സുബ്യാക്കോ പർവ്വത താഴ്‌വരയിലെത്തി. റോമാപട്ടണത്തിൽ നിന്ന് ഏകദേശം നാൽപത് മൈൽ ദൂരം ഉണ്ട് അങ്ങോട്ടേക്ക്. ധ്യാനിക്കുവാൻ പറ്റിയ സ്ഥലം. അപരിഷ്കൃതരായ ഒരു കൂട്ടം ആദിവാസികളാണ് അവിടെ താമസിച്ചിരുന്നത്. ബനഡിക്റ്റ് അവരുമായി പരിചയപ്പെട്ടു. തങ്ങളുടെ കാട്ടിൽ എത്തിയ നവാഗതർക്ക് അവർ സ്വാഗതമരുളി. സിറില്ലയോടൊപ്പം കുറെ നാൾ അവിടെ താമസിച്ചു. തൊട്ടടുത്ത ഗ്രാമത്തിൽ ഒരു ദേവാലയം ഉണ്ടായിരുന്നു. അവിടെപ്പോയി പ്രാർത്ഥിക്കുവാൻ അവസരം കിട്ടിയതോടുകൂടി അവൻ അതീവ തൃപ്തനായി.

ബനഡിക്റ്റിന്റെ ആശ്രമത്തിനടുത്ത് ഫ്ളോറൻ എന്ന് പേരായ ഒരാൾ ഉണ്ടായിരുന്നു. അയാൾ ബനഡിക്റ്റിനെതിരെ കുപ്രചരണം അഴിച്ചുവിട്ടു. അവർ കപട സന്ന്യാസികളാണെന്നും അലസന്മാരാണെന്നും അദ്ദേഹം പറഞ്ഞുപരത്തി. എന്നാൽ ഇതൊന്നും ജനത്തിന്റെ മുന്നിൽ വിലപ്പോയില്ല. അയാൾ എതുവിധേനയും ബനഡിക്റ്റിനെ അപായപ്പെടുത്താൻ ശ്രമിച്ചു. അതിനുവേണ്ടി വിഷം കലർത്തിയ ഭക്ഷണം ബനഡിക്റ്റ് ഭക്ഷണം കഴിക്കാറുള്ള സ്ഥലത്തുവയ്ക്കുവാൻ ഏർപ്പാട് ചെയ്തു. ബനഡിക്റ്റ് ദിവ്യശക്തിയാൽ അത് മനസ്സിലാക്കി. ബനഡിക്റ്റ് ഒരു മലങ്കാക്കയെ വളർത്തുന്നുണ്ടായിരുന്നു. അത് കൃത്യസമയത്ത് അതിന്റെ ഭക്ഷണത്തിനായി എത്തി. വിശുദ്ധൻ കാക്കയോട് അപ്പം കൊത്തിയെടുത്ത് പർവ്വതത്തിന്റെ അഗ്രത്തിൽ കൊണ്ടുപോയി കളയാൻ ആജ്ഞാപിച്ചു. ഉടൻതന്നെ കാക്ക അപ്പം കൊത്തിയെടുത്തു പറന്നു. ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ കാക്ക സുരക്ഷിതമായി തിരിച്ചെത്തുകയും ചെയ്തു. ഒരിക്കൽ ആശ്രമ പണി നടക്കുന്ന സമയം. ഈ ആശ്രമത്തിന്റെ ഒരു ഭാഗത്തുള്ള ഭിത്തി മറിഞ്ഞുവീണു. താഴെ ജോലി ചെയ്തുകൊണ്ടിരുന്ന ഒരു ബാലൻ ഈ കല്ലുകൾക്കിടയിൽപ്പെട്ടു. ഗുരുതരമായി പരിക്കേറ്റ അവനെ സഹപ്രവർത്തകർ ബനഡിക്റ്റിന്റെ അടുത്ത് എത്തിച്ചു. ബനഡിക്റ്റ് അവനെ സൂക്ഷിച്ചുനോക്കി - ശരീരമെല്ലാം കീറിമുറിഞ്ഞ് രക്തം വാർന്നൊഴുകുന്നു. അവൻ മരണത്തോട് അടുക്കുകയാണെന്ന് ബനഡിക്റ്റിന് മനസ്സിലായി. ഉടൻതന്നെ അദ്ദേഹം ബാലനെ നിലത്തു കിടത്തുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം എല്ലാവരേയും അവിടെ നിന്ന് പറഞ്ഞയച്ചു. തുടർന്ന് അവിടെ മുട്ടുകുത്തി കണ്ണുകൾ ഉയർത്തി പിതാവിനോട് പ്രാർത്ഥിച്ചു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോഴേക്കും ബാലന്റെ രക്തസ്രാവം നിന്നു. അവന്റെ മുറിവുകൾ ഉണങ്ങി. അല്പം കഴിഞ്ഞപ്പോൾ ഉറക്കത്തിൽ നിന്നെന്നപോലെ അവൻ ഉണർന്നു. സുഖപ്പെട്ട ബാലനെ കണ്ട് ആശ്രമവാസികളും പരിസരവാസികളും ദൈവത്തെ സ്തുതിച്ചു. ക്രിസ്തുവർഷം 547 മാർച്ച് 21 ബനഡിക്റ്റിന് ശക്തമായ പനി, എഴുന്നേൽക്കാൻ പറ്റാത്ത അവസ്ഥ. എങ്കിലും പരിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നതിന് അദ്ദേഹം താൽപര്യം പ്രകടിപ്പിച്ചു. ശിഷ്യ

ഗണം അദ്ദേഹത്തെ ദേവാലയത്തിലേക്ക് കൊണ്ടുപോയി. പള്ളിയിലിരുന്ന് ദിവ്യ കാരുണ്യം സ്വീകരിച്ചു. അല്പസമയം കണ്ണുകൾ അടച്ച് ധ്യാനനിമഗ്നനായി. തുടർന്ന് കണ്ണുകൾ മെല്ലെ ഉയർത്തി സ്വർഗ്ഗത്തിലേക്ക് നോക്കി. ഇരുകൈകളും നാഥന്റെ പക്കലേക്ക് അല്പം ഉയർന്നു. കർത്താവ് പള്ളികൊള്ളുന്ന സക്രാരിയുടെ മുന്നിൽ വച്ചുതന്നെ അദ്ദേഹം നിദ്ര പ്രാപിച്ചു. വിശുദ്ധ ബനഡിക്റ്റിന്റെ പൂജ്യാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നത് സെന്റെ ബെനോയ്റ്റ് സർ ലോയർ കൊവേന്തയിലാണ്.

വിശുദ്ധ ബനഡിക്റ്റ് തന്റെ ശിഷ്യർക്കായി ഉണ്ടാക്കിയ നിയമാവലി പിന്നീട് ഉണ്ടായ എല്ലാ സന്യാസസഭയ്ക്കും തന്നെ മാർഗ്ഗദീപമായി പ്രശോഭിച്ചു. ക്രിസ്തീയ പൂർണ്ണ തയിലേക്ക് വളരുവാൻ അദ്ദേഹം പന്ത്രണ്ടു പടികൾ ചവിട്ടി കയറണമെന്ന് തന്റെ ശിഷ്യരോട് ഉപദേശിച്ചു. ആ പടികൾ ഇവയാണ്; 1. അനുസരണം, 2. ആത്മസം യമനം, 3. ക്ലേശങ്ങൾ സഹിക്കാനുള്ള ക്ഷമ, 4. സ്വന്തം വികാരവിചാരങ്ങളുടെ വിനിമയം, 5. നാം പാപികളാണെന്നുള്ള സ്വയം ബോദ്ധ്യം, 6. നിരന്തര മൗനവ്രതം പരിശീലിക്കൽ, 7. നമ്മുടെ അനന്യത ദൈവത്തിന് വിട്ടുകൊടുക്കൽ, 8. ഏതു ജോലിയും എളിമയോടെ നിർവ്വഹിക്കൽ, 9. അമിത സന്തോഷവും ആത്മസാഫല്യവും വർജ്ജിക്കൽ, 10. സംഭാഷണത്തിൽ മിതത്വം, പെരുമാറ്റത്തിൽ വിനയം, 11. ദൈവ ത്തെയും അവിടുത്തെ നീതിവിധികളെയും പറ്റിയുള്ള ഭീതിയും അനുതാപവും, 12. സ്വയം നീതീകരിക്കാതെയും അഹങ്കരിക്കാതെയുമുള്ള കർമ്മങ്ങളുടെ നിർവ്വ ഹണം എന്നിവയാണ്. വിശുദ്ധ ബനഡിക്റ്റിന്റെ നിയമാവലി അനുസരിച്ച് ജീവിക്കു വാൻ നമുക്ക് പരിശ്രമിക്കാം.

---

# ഈസോപ്പ്

കർപ്പൂര തുളസിച്ചെടി വർഗത്തിൽപ്പെട്ട ഒരു തരം കറിവേപ്പാണ് ഇത്. ഹിസോപ്പ്, സോപ്പാ എന്നിങ്ങനെയും ഇതിനെ വിളിക്കുന്നു. ഇസ്രായേൽക്കാരുടെ കട്ടിളപ്പടിയിൽ കുഞ്ഞാടിന്റെ രക്തം തളിക്കാൻ ഹിസോപ്പിന്റെ തണ്ടാണ് ഉപയോ ഗിച്ചത്. (പുറ. 12: 27). ഇത് യഹോവയുടെ കല്പന പ്രകാരം ആയിരുന്നല്ലോ. കനം കുറഞ്ഞ ഇലകളും, തണ്ടുകളും, പൂവും നിറഞ്ഞ സസ്യമായ ഇതിന് നല്ല ആഗിരണ സ്വഭാവം ഉള്ളതിനാൽ ഇതിനെ തളിക്കാൻ ഉപയോഗിക്കുന്നു. കുരിശ്ശിൽ കിടന്ന യേശുവിന് ഹിസോപ്പ് തണ്ട് ചൊറുക്കയിൽ മുക്കി കൊടുത്ത ഭാഗം യോഹന്നാൻ 19 : 29 ൽ നാം വായിക്കുന്നില്ലേ, കൂടാതെ ലേവ്യർ, സങ്കീർത്തനം, 1 രാജാ, ഹെബ്രായർ എന്നീ പുസ്തകങ്ങളിലും ഇതിനെപ്പറ്റി പരാമർശമുണ്ട്.

ജിപ്സി റാഫി, **സെന്റ് തോമാസ് യൂണിറ്റ്**



# വിശ്വാസവഴിയിലെ സംശയങ്ങൾ

**സീറോ മലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരണം**

*കത്തോലിക്കാസഭയിലെ ഒരംഗത്തിന് ഒരു ദിവസം എത്ര കുർബ്ബാനകളിൽ പങ്കുചേരാം? എത്ര പ്രാവശ്യം കുർബാന സ്വീകരിക്കാം?*

ഒരു വൈദികന് തത്വത്തിൽ ഒരു കുർബ്ബാനയേ ഒരു ദിവസം അർപ്പിക്കാൻ അനുവാദമുള്ളു. അജപാലനപരമായ ആവശ്യത്തെ പരിഗണിച്ച് രണ്ടാമതൊരു കുർബ്ബാനയും വളരെ അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ മൂന്നാമതൊരു കുർബ്ബാനകൂടി അർപ്പിക്കാം. എന്നാൽ നാലാമതൊന്ന് പാടില്ല എന്നാണ് പൊതുതത്വം. വിശുദ്ധ കുർബ്ബാന ഒരു ദിവസത്തിന്റെ കേന്ദ്രബിന്ദുവായതുകൊണ്ടാണ് ഒരു ദിവസം ഒരു കുർബ്ബാന അർപ്പിച്ചാൽ മതി എന്നു പറയുന്നത്. അജപാലനപരമായ ആവശ്യമുള്ളപ്പോൾ ഒന്നിൽ കൂടുതൽ കുർബ്ബാന അർപ്പിക്കുവാനും ഓരോ പ്രാവശ്യവും കുർബ്ബാന സ്വീകരിക്കാനും വൈദികർക്ക് അനുവാദമുണ്ട്. എന്നാൽ അല്മായർക്ക് ഇങ്ങനെയുള്ള സന്ദർഭങ്ങൾ വളരെ ചുരുക്കമായിട്ടേ ഉണ്ടാകാറുള്ളൂ. എങ്കിലും അല്മായർക്കും വൈദികരെപ്പോലെ രണ്ട് കുർബാനയിൽ പങ്കെടുക്കേണ്ട സന്ദർഭങ്ങൾ ഉണ്ടാകാം. രാവിലെ കുർബാനയിൽ സംബന്ധിച്ച് ദിവ്യകാരുണ്യം സ്വീകരിച്ച വ്യക്തി ഒരു തിരുപ്പട്ടത്തിലോ വിവാഹകർമ്മത്തിലോ മൃതദേഹ സംസ്കാരത്തോടനുബ്ധിച്ച കുർബാനയിലോ സംബന്ധിക്കുമ്പോൾ രണ്ടാമതും കുർബാന സ്വീകരിക്കാമോ എന്ന ചോദ്യം പ്രസക്തമാണ്.

സീറോ മലബാർ സഭയിൽ ഇതു സംബന്ധമായി നിയമ നിർമ്മാണം നടത്തിയിട്ടില്ലെങ്കിലും ലത്തീൻ സഭയിൽ വ്യക്തമായ നിർദ്ദേശം നല്കിയിട്ടുണ്ട്. ഒരു പ്രാവശ്യം വിശുദ്ധ കുർബ്ബാന സ്വീകരിച്ച അല്മായ വിശ്വാസി രണ്ടാമത് പൂർണ്ണമായി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയാണെങ്കിൽ ദിവ്യകാരുണ്യം സ്വീകരിക്കാം. എന്നാൽ, ഒരു ദിവസം മൂന്നു പ്രാവശ്യം കുർബ്ബാന സ്വീകരിക്കാൻ പാടില്ല. സീറോ മലബാർ സഭയിൽ അങ്ങനെ ഒരു നിയമമില്ലെങ്കിൽ പോലും ലത്തീൻ നിയമത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് രണ്ടാം പ്രാവശ്യം വിശുദ്ധ കുർബാന സ്വീകരിക്കുന്നതിൽ അപാകതയില്ലെന്നുവേണം കരുതാൻ. ദിവ്യകാരുണ്യം സ്വീകരിക്കാതെ, രണ്ടിലധികം കുർബാനയിൽ പങ്കെടുക്കുന്നതിൽ തടസ്സമില്ല.

# കുടുംബകൂട്ടായ്മ വാർത്തകൾ

## ലിറ്റിൽ ഫ്ളവർ കുടുംബ കൂട്ടായ്മ

ലിറ്റിൽ ഫ്ളവർ യൂണിറ്റ് ക്രിസ്തുമസ്, ന്യൂഇയർ ആഘോഷം ശ്രീ ടോണി തരകൻ ഭവനത്തിൽ വെച്ച് ഡിസംബർ 31, 7 മണിക്ക് യൂണിറ്റ് പ്രസിഡന്റ്, ഭാരവാഹികൾ ചേർന്ന് കേക്ക് മുറിച്ച് ആഘോഷിച്ചു.



*ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ ക്രിസ്തുമസ് ന്യൂഇയർ ആഘോഷത്തിന് ശ്രീ. ടോണി തരകന്റെ ഭവനത്തിൽ യൂണിറ്റ് അംഗങ്ങൾ ഒരുമിച്ച് കൂടിയതിൽനിന്ന്...*

ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ 07-01-2024 മൂന്ന് മണിക്ക് ചെറുവത്തൂർ ശ്രീമതി ലിസി ജെയ്ക്കബിന്റെ ഭവനത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. ഗൃഹനാഥൻ സ്വാഗതം പറഞ്ഞു. തിരുനാൾ അമ്പ് തോമസ് കൂനംപ്ലാവിൽ ഭവനത്തിൽ നിന്ന് വൈകീട്ട് 3.45 ന് ആരംഭിച്ച് 11 മണിക്ക് പള്ളിയിൽ എത്തി ചേരുവാൻ തീരുമാനിച്ചു. ക്രിസ്തുമസ് കരോൾ, പുൽക്കൂട്, പാപ്പ സമ്മാനങ്ങൾ ലഭിച്ചവർക്കും, കുട്ടികൂട്ടായ്മയുടെ നേതൃത്വത്തിൽ കരോൾ, കാർഡ് മെയ്ക്കിംഗ് മത്സരങ്ങൾ നടത്തിയവർക്കും നന്ദി രേഖപ്പെടുത്തി. യോഗം വൈകീട്ട് 4.30 ഓടെ സമാപിച്ചു.

## ഹോളി ഫാമിലി കുടുംബ കൂട്ടായ്മ

ഹോളി ഫാമിലി കുടുംബ കൂട്ടായ്മയുടെ 2023 ഡിസംബർ 30ന് നടത്തിയ വാർഷിക സമ്മേളനത്തിന്റെ റിപ്പോർട്ട് .

അയ്യന്തോൾ സെന്റ്.മേരിസ് അസംപ്ഷൻ ദേവാലയത്തിലെ ഹോളി ഫാമിലി കുടുംബ കൂട്ടായ്മയുടെ 29-ാം വാർഷിക ആഘോഷം 30. 12. 2023 ശനിയാഴ്ച രാവിലെ 6.30ന് വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. യൂണിറ്റ് അംഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെ കാഴ്ച സമർപ്പണം നടന്നു. ലേഖനം വായനയ്ക്കും കാറോസൂസ പ്രാർത്ഥനയ്ക്കും യൂണിറ്റ് നേതൃത്വം നൽകി. വാർഷിക ആഘോ

ഷങ്ങളോടനുബന്ധിച്ചുള്ള പൊതുസമ്മേളനം അന്നേ ദിവസം വൈകിട്ട് 6.30ന് സെന്റ് ജോസഫ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് അഡ്വ. റസൽ കെ. എഫ്. സ്വാഗതമാശംസിച്ചു. കുടുംബ കൂട്ടായ്മ കേന്ദ്രസമിതി കൺവീനർ മേജോ കെ.കെ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഹോളി ഫാമിലി കുടുംബ കൂട്ടായ്മ 29ാംവാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട വികാരിയച്ചൻ റവ. ഫാദർ ജയ്സൺ പുന്നശ്ശേരി നിർവഹിച്ച് അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീമതി ജെയ്സി വില്ലി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ ജോൺ മണലേൽ വാർഷിക കണക്ക് അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കും യോഗം ഐക്യകണ്ഠേന പാസാക്കി . നടത്തു കൈകാരൻ ശ്രീ ജോർജ് കൈപറമ്പിൽ ,യൂണിറ്റിന്റെ ആനിമേറ്റേഴ്സായ റവ. സി. കാതറിൻ CHF, റവ. സി. ഹിത ഫ്രാൻസിസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു .



പൗരോഹിത്യത്തിന്റെ 26-ാം ധന്യവർഷത്തിന്റെ നിറവിൽ ആയിരിക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചൻ റവ. ഫാ.ജയ്സൺ പുന്നശ്ശേരിയെ ഹോളി ഫാമിലി യൂണിറ്റ് ആദരിച്ചു . ഈ വർഷം സിൽവർ ജൂബിലിയുടെ നിറവിൽ ആയിരിക്കുന്ന റവ സി. ഹിത ഫ്രാൻസിസിനെ പൊന്നാട അണിയിച്ച് സ്നേഹസമ്മാനം നൽകി ഹോളി ഫാമിലി യൂണിറ്റ് ആദരിച്ചു.

നമ്മെ വിട്ടുപിരിഞ്ഞ് കർത്താവിൽ നിദ്ര പ്രാപിച്ച യൂണിറ്റ് അംഗങ്ങളായ തറയിൽ ഇന്നീസ് ഭാര്യ ലിസി , ചിറയത്ത് കോനിക്കര സി.ജി ആന്റണി , കൂനംപ്ലാവിൽ കെ. എ ജോൺ, ചിറയത്ത് പോൾ എന്നിവർക്കായി ചടങ്ങിൽ അനുശോചനം രേഖപ്പെടുത്തി.

അമ്പതാം വിവാഹ വാർഷികം ആഘോഷിക്കുന്ന കുത്തൂർ ജോൺ, സിസിലി ജോൺ ദമ്പതികൾക്ക് പ്രത്യേകം അനുമോദനം അറിയിച്ചുകൊണ്ട് അവരെ പൊന്നാടയണിയിച്ച് ആദരിച്ചു . ഈ വർഷം യൂണിറ്റിൽ പുതിയതായി വന്നുചേർന്ന കുണ്ടുകുളങ്ങര ബാസ്റ്റിനും കുടുംബത്തിനും ഹോളി ഫാമിലി യൂണിറ്റ് പൂച്ചെണ്ടു നൽകി സ്വാഗതം ചെയ്തു. ഈ വർഷം ജനിച്ച കുഞ്ഞുങ്ങളായ കള്ളിക്കാടൻ അലക്സ് ജിൻസ അലക്സ് ദമ്പതികളുടെ മകൾ ജാക്വിലിൻ അലക്സ്, കോടം

കണ്ടത് ജിത്തു ആന്റോ, ഐശ്വര്യ പോൾ ദമ്പതികളുടെ മകൻ റയാൻ ആന്റണി ജിത്തു, ചക്രമാക്കൽ ഫ്രെഡി, നീതു ഫ്രെഡി ദമ്പതികളുടെ മകൾ അമീലിയ ഫ്രഡി എന്നിവർക്ക് യൂണിറ്റ് സ്വാഗതമാശംസിക്കുകയും ഉപഹാരം നൽകുകയും ചെയ്തു. സെന്റ് വിൻസന്റ് ഡീ പോൾ സൊസൈറ്റി ഇടവക തലത്തിൽ സംഘടിപ്പിച്ച പെനാൽറ്റി ഷൂട്ടൗട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ യൂണിറ്റിലെ മിടുക്കന്മാരായ എമിൻ സന്തോഷ്, എവിൻ സന്തോഷ്, ബ്രിസ്റ്റൻ റോബി, സാവിയോ ഷാന്റി, ഹാരി വില്ലി, ജോൺ വില്ലി എന്നിവർക്ക് ട്രോഫി നൽകി പ്രത്യേകം അനുമോദിച്ചു. ഫൊറോന തലത്തിലും ഇടവക തലത്തിലും രണ്ട് വർഷങ്ങളായി കലാമത്സരങ്ങളിൽ സമ്മാനാർഹനായ കണ്ണമ്പുഴ സാവിയോ ഷാന്റിയെ ചടങ്ങിൽ പ്രത്യേകം ട്രോഫി നൽകി അനുമോദിച്ചു . ലോഗോസ് ക്വിസ് മത്സരത്തിൽ സമ്മാനാർഹരായ ശ്രീ. ഡേവിസ് തേറാട്ടിൽ, മണലേൽ മേരിക്കുട്ടി ടീച്ചർ എന്നിവരെ പ്രത്യേകം ഉപഹാരം നൽകി ആദരിച്ചു. ഇടവക തലത്തിൽ നടത്തിയ ക്രിസ്തുമസ് പപ്പാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ബ്രിസ്റ്റൻ റോബിന് യൂണിറ്റ് പ്രത്യേകം ട്രോഫി നൽകി അനുമോദിച്ചു . തുടർന്ന് നടത്തിയ കലാപരിപാടികൾക്കും സ്നേഹവിരുന്നിനും ശേഷം ശ്രീ ജോസ് മേലേത്തിന്റെ നന്ദിയർപ്പണത്തോടെ സമ്മേളനം സമാപിച്ചു.

## സെന്റ് തോമസ് കുടുംബകൂട്ടായ്മ

സെന്റ് തോമസ് യൂണിറ്റ് 23-12-23 ന് 6 മണിക്ക് കുരുതുകുളങ്ങര ജോയ്, ജോർജിന്റെ ഭവനങ്ങളിൽ വച്ച് ബഹുമാനപ്പെട്ട ജയ്സനച്ചന്റെ നേതൃത്വത്തിൽ കേക്ക് മുറിച്ച് ക്രിസ്മസ് ആഘോഷിച്ചു. പലവിധ മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി ഗിഫ്റ്റുകൾ കെട്ടി നിറഞ്ഞ ക്രിസ്മസ് ട്രീയിൽ നിന്നും നറുക്കെടുപ്പിലൂടെ കുടുംബങ്ങൾ അന്യോന്യം സമ്മാനങ്ങൾ കൈമാറി. ഡിന്നറിനു ശേഷം എല്ലാവരും പിരിഞ്ഞു.

2024 ജനുവരി മാസത്തെ കുടുംബസമ്മേളനം 4.30ന് ചക്കാലയ്ക്കൽ ആനി ഡേവീസിന്റെ ഭവനത്തിൽ ചേർന്നു. ഇടവക മാറിപ്പോകുന്ന ജയ്സനച്ചന് ബൊക്കെ നൽകി ആദരിച്ചു. യൂണിറ്റ് പ്രസിഡന്റ് ഡോ. ആന്റോ ഫ്ളോറൻസ് അച്ചന്റെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചു. സംസാരിച്ചു. ആന്റണി ചീരോത അച്ചന്റെ ഭാവി പ്രവർത്തനങ്ങൾക്കായി പ്രാർത്ഥനാശംസകൾ നേർന്നു. ക്രിസ്മസ് ക്രിബ്, സ്റ്റാർ, കരോൾ ഗാനം എന്നീ മത്സരങ്ങളിൽ പങ്കെടുത്തവരെ പ്രോത്സാഹിപ്പിക്കുകയും സമ്മാനർഹരെ ആദരിക്കുകയും ചെയ്തു. ബഹു. സി. ഷാന്റിയ കഞ്ചിക്കോട് റാണിയുടെ ജീവിത സാക്ഷ്യങ്ങൾ ഉദ്ധരിച്ച് കുർബ്ബാനയുടെ മാഹാത്മ്യത്തെപ്പറ്റി ഇരുത്തി ചിന്തിപ്പിക്കുന്ന നല്ല സന്ദേശം നൽകി. തിരുന്നാളിന്റെ ഒരുക്കത്തെപ്പറ്റിയും, അമ്പു പ്രദക്ഷിണത്തിന്റെ ക്രമങ്ങളെയും കുറിച്ച് ചർച്ച നടത്തി. 6 മണിയോടെ യോഗം സമാപിച്ചു.

Baptised on

2023 December 30



# Amelia

(Grand Children of Mrs. Shobana Anto & Mr. Anto Francis
Chakramakkil "Suvarna" Keerthi nagar, Ayyanthole, Thrissur - 680003

First Holy Communion on

2023 December 30



# Abner & Andrea

Children of Mrs. Neethu Fredy & Mr. Fredy Anto





# Wedding

31st December 2023



## Akhil

S/o. Mr. V.K.Raphel
& Mrs. Sheeba Raphel
Vellaparambil House,
P.O. Ayyanthole
Thrissur - 680 003.

## Dr.. Sonia

D/o. Mr. A.O. Simon
& Mrs. Lucy Simon
Arimboor Adambukulam House
P.O. Chettupuzha

# 41-ാം ചരമദിനം

03-02-2024



കുണ്ടുകുളങ്ങര കുഞ്ഞിപ്പു മകൻ

## വർഗ്ഗീസ്

ജനനം : 05-04-1948 മരണം : 25-12-2023

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ

പ്രാർത്ഥനാപൂർവ്വം

ഭാര്യ മേരി വർഗ്ഗീസ്, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

മഡോണ കുടുംബകൂട്ടായ്മ

നോമ്പുകാല ചിന്തകൾ

# ക്രൂശിതന്റെ പിന്നാലെ

ഗ്രെയ്സി ജോണി, സെന്റ് തോമസ് യൂണിറ്റ്

മർക്കോസിന്റെ സുവിശേഷം 6-ാം അധ്യായം 7-ാം വാക്യം മുതൽ ശിഷ്യന്മാരെ അയയ്ക്കുന്ന എന്നതാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുൻപുള്ള അധ്യായങ്ങളിൽ യേശു തന്റെ ശിഷ്യരെ തിരഞ്ഞെടുത്ത് അവരെ ഒരുക്കിയെടുക്കുന്നതാണ് നാം വായിക്കുക. തന്റെ പ്രബോധനങ്ങളിലൂടെ ജ്ഞാനവും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ച് തന്റെ ശക്തിയും അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയാണ്. അതിനുശേഷമാണ് ഇതുവരെ താൻ ചെയ്തിരുന്ന പ്രവൃത്തികൾ ചെയ്യാൻ അവർക്ക് അധികാരം നൽകുന്നത്. എല്ലാം അനുകൂലമായ ഒരു സാഹചര്യത്തിലാണ്

അവിടുന്ന് അയക്കുന്നത് എന്നു തോന്നുന്നുണ്ടോ? ഒരിക്കലും അല്ല. പ്രതികൂല സാഹചര്യങ്ങളുടെ നടുവിലാണ് യേശു ഇതിന് മുതിരുന്നത്. മതനേതാക്കളും നാട്ടുകാരും സ്വന്തക്കാരും തള്ളിപറഞ്ഞപ്പോൾ ദൗത്യനിർവ്വഹണം അവിടെവച്ച് നിറുത്തുന്നില്ല. ദൈവരാജ്യത്തിന്റെ വിത്തുവിതയ്ക്കാനായി അവൻ അവരെ ചുമതലപ്പെടുത്തി, ശിഷ്യത്വത്തിന്റെ പൂർണതയിലേക്ക് നയിക്കുകയാണ്. നിയോഗത്തോടെ അയയ്ക്കപ്പെട്ടവൻ എന്നുതന്നെയാണ് അപ്പസ്തോലൻ എന്ന വാക്കുകൊണ്ടു അർത്ഥമാക്കുന്നത്.

പഴയ നിയമത്തിലെ പന്ത്രണ്ടു ഗോത്രത്തലവന്മാരെയാണ് ഈ പന്ത്രണ്ടു ശിഷ്യന്മാർ പ്രതിനിധാനം ചെയ്യുന്നത്. യേശുവിലെ പ്രവാചകൻ മറനീക്കി പുറത്തുവരുമ്പോൾ പന്ത്രണ്ടുപേരെ അടുത്തുവിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി. രണ്ടുപേരെ വീതം അയ്ക്കാൻ കാരണങ്ങൾ - യഹൂദസമ്പ്രദായവും നിയമശാസനയുമനുസരിച്ച് പ്രസംഗത്തിനും സാക്ഷ്യത്തിനും രണ്ടുപേർ വേണമായിരുന്നു. പിന്നെ പ്രേഷിതപ്രവർത്തനത്തിന്റെ ഏകാന്തതയിലും തിരസ്കരണത്തിലും ഇവർ പരസ്പരം താങ്ങും തണലുമാണ്.

ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്ന വാഗ്ദാനം കൊടുത്തപ്പോൾ തന്റെ പ്രത്യേക പരിഗണന അവർക്ക് നൽകാൻ യേശു ശ്രദ്ധിച്ചിരുന്നു. അശുദ്ധാത്മാക്കളുടെ മേൽ അധികാരം കൊടുത്തുകൊണ്ട് മനുഷ്യരുടെ ഹൃദയങ്ങളിൽ

നിന്നും ജീവിതത്തിൽനിന്നും പിശാചുക്കളെ ബഹിഷ്കരിക്കാനാണ് അവർക്ക് അധികാരം ലഭിച്ചത്. ആ നാളുകളിൽ പിശാചുബാധയാണ് രോഗകാരണമായി കരുതപ്പെട്ടിരുന്നത്.

വടി എടുക്കാൻ അനുവാദം നൽകുന്നത് ദീർഘയാത്രയ്ക്ക് അത് ഒരു സഹായോപാധിയും മൃഗങ്ങളെ ആട്ടിയോടിക്കാൻ ഒരായുധവുമെന്ന നിലയ്ക്കാണ്. പിന്നീട് പറയുന്നത് അപ്പമോ സഞ്ചിയോ അരപ്പട്ടയിൽ പണമോ കരുതരുതെന്നാണ്. ഒരു പ്രേഷിതന് തന്റെ ഭൗതിക ദാരിദ്ര്യത്തെക്കുറിച്ച് ശരിയായ ഉൾക്കാഴ്ച ഉണ്ടായിരിക്കണം. കൈയിലൊന്നുമില്ലെങ്കിൽ സ്വന്തം സമ്പാദ്യത്തിലാശ്രയിക്കാനാവില്ലല്ലോ. ദൈവപരിപാലനയിലാണ് താൻ ഓരോ കാര്യത്തിലും എന്നു മനസ്സിലാകും. ഏറെ ദൂരം പിന്നിടേണ്ടതുള്ളതുകൊണ്ട് പാദങ്ങൾക്ക് സംരക്ഷണം കിട്ടാനാണ് ചെരിപ്പു ധരിക്കാൻ പറയുന്നത്.

യഹൂദരുടെ അന്നത്തെ വസ്ത്രധാരണരീതിയനുസരിച്ച് അങ്കി, അരപ്പട്ട, മേലങ്കി, ശിരോവസ്ത്രം എന്നിവ ഉൾപ്പെട്ടിരുന്നു. രണ്ടുടുപ്പ് ധരിക്കരുത് എന്നാണ് വി. മർക്കോസിന്റെ പരാമർശം. യഹൂദർ മതാത്മകചിന്തയുള്ളവരായതിനാൽ പ്രേഷിതരെ തങ്ങളുടെ ഭവനങ്ങളിൽ സ്വാഗതം ചെയ്തിരുന്നു. അവിടംവിട്ട് പോകുന്നതുവരെ ആ ഭവനത്തിൽ താമസിക്കുവിൻ എന്നതുകൊണ്ട് ദൈവം ഒരുക്കിത്തന്ന സൗകര്യങ്ങൾ അനുഭവിച്ച് ദൈവരാജ്യ സന്ദേശം നൽകണം എന്നാണ് വിവക്ഷിക്കുന്നത്. തിരസ്കരണമുണ്ടായാൽ കാലിലെ പൊടി തട്ടിക്കളയാനും പറയുന്നു. ഒരു വെല്ലുവിളിയായും അനുതാപത്തിനുള്ള ആഹ്വാനമായും ഇതിനെ വ്യാഖ്യാനിക്കുന്നുണ്ട്.

ഇങ്ങനെ ശിഷ്യന്മാർ ജനങ്ങളോട് അനുതപിക്കണമെന്ന് പ്രസംഗിച്ചു. പിശാചുക്കളെ പുറത്താക്കി, രോഗികളെ തൈലം പൂശി സുഖപ്പെടുത്തി. യാക്കോബ് 5/14 - 15ലും ആദിമസഭയിലെ അനുഷ്ഠാനങ്ങളിലും തൈലം പൂശുന്നതിനെപ്പറ്റി സൂചനയുണ്ട്. ഇവിടെ ഉപയോഗിക്കുന്ന ഒലിവെണ്ണയ്ക്ക് മുറിവുണക്കാനുള്ള കഴിവുണ്ടെന്നാണ് പണ്ഡിതാഭിപ്രായം.

യേശു ശിഷ്യരെ ഒരുക്കിയപോലെ തന്റെ പ്രബോധനങ്ങളിലൂടെ നമ്മെയും നമ്മുടെ വരുംതലമുറകളെയും ഈ ചിന്തകളിലേക്കാണ് അവിടുന്ന് നയിക്കുന്നത്. ഭൗതിക നേട്ടങ്ങളിൽ നിന്നും ദൃഷ്ടികൾ മാറ്റി ആത്മീയ തലങ്ങളിലേക്ക് വളരാൻ ഈ നോമ്പുകാലം നമ്മെ പ്രചോദിപ്പിക്കട്ടെ.



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹം നിറഞ്ഞ അധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളേ,

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഫെബ്രുവരി മാസത്തിൽ നടത്തപ്പെടുന്ന വാർഷിക പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 2024 ഫെബ്രുവരി 11 | 2 pm - 4 pm | Std. X, XI, XII |
| 2024 ഫെബ്രുവരി 11 | 2 pm - 5 pm | ACC |
| 2024 ഫെബ്രുവരി 18 | 2 pm - 4 pm | Std. I, III, V, VII, IX |
| 2024 ഫെബ്രുവരി 25 | 2 pm - 4 pm | Std. II, IV, VI, VIII |

വാർഷിക പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ നന്നായി പഠിപ്പിച്ച് ഒരുക്കി പരീക്ഷാസമയത്തിന് 15 മിനിറ്റ് മുമ്പ് 1.45 ന് തന്നെ പരീക്ഷാഹാളിൽ എത്തിക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പരീക്ഷ എഴുതുന്ന ദിവസം കാലത്ത് വിശ്വാസ പരിശീലനക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല. ഒരു കാരണവശാലും വിദ്യാർത്ഥികൾ പരീക്ഷകൾക്ക് മുടങ്ങരുത്.

ഈ വർഷത്തെ ദൈവദർശൻ ക്യാമ്പ് ഏപ്രിൽ 4, 5, 6 വ്യാഴം, വെള്ളി, ശനി എന്നീ മൂന്ന് ദിവസങ്ങളിലായിരിക്കും നടത്തപ്പെടുക. മേൽപ്പറഞ്ഞ ക്യാമ്പിൽ Std. I മുതൽ Std. XII വരെയുള്ള എല്ലാ ക്ലാസ്സുകളിലേയും വിദ്യാർത്ഥികൾ സ്നേഹപൂർവ്വം പങ്കെടുക്കേണ്ടതാണ്. ദൈവദർശൻ ക്യാമ്പിലെ പങ്കാളിത്തവും കൂടി പരിഗണിച്ചുകൊണ്ടാണ് Full Attendance കണക്കാക്കുന്നത്.

ക്ലാസ്സുകളിലെ Poor Box വഴിയുള്ള ഈ വർഷത്തെ സംഭാവനകളിൽ എൽ.പി. വിഭാഗത്തിൽ Std. IV, നഴ്സറി എന്നീ ക്ലാസ്സുകളും യു.പി. വിഭാഗത്തിൽ Std. V A, Std. VI എന്നീ ക്ലാസ്സുകളും HSS വിഭാഗത്തിൽ Std. X A, Std. XII എന്നീ ക്ലാസ്സുകളും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഓരോ വിദ്യാർത്ഥിയും ശരാശരി 653 രൂപ സംഭാവന നൽകിയ റവ. സി. ലിഖിയ റാഫേലിന്റെ Std.

V A ഓവറോൾ സ്ഥാനത്തിന് അർഹരായി. Poor Box ലൂടെ സമൂഹത്തിലെ വേദന അനുഭവിക്കുന്നവർക്കും അഗതികൾക്കുമായി 67,868 രൂപ സമാഹരിക്കുവാൻ സാധിച്ചു. ഈ ഉദ്യമത്തിന് സഹായസഹകരണങ്ങൾ നൽകിയ എല്ലാ മാതാപിതാക്കളേയും വിദ്യാർത്ഥികളേയും ഈ സദ്പ്രവൃത്തികൾക്ക് പ്രചോദനമേകിയ എല്ലാ അധ്യാപകരേയും അഭിനന്ദിക്കുകയും അതോടൊപ്പം അവരോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

തൃശൂർ അതിരൂപതാതലത്തിൽ നടത്തിയ യൂണിറ്റ്തല സന്ദർശനത്തിൽ നമ്മുടെ വിശ്വാസപരിശീലന യൂണിറ്റ് A ഗ്രേഡ് കരസ്ഥമാക്കി എന്ന സന്തോഷവാർത്ത നിങ്ങളേവരേയും സ്നേഹപൂർവ്വം അറിയിക്കുന്നു. ഈ അവസരത്തിൽ വിശ്വാസപരിശീലനപ്രക്രിയയിൽ നമ്മെ നയിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും സ്നേഹബഹുമാനപ്പെട്ട ജെയ്സനച്ചനും സിസ്റ്റേഴ്സിനും അധ്യാപകർക്കും പ്രത്യേകമായി നന്ദിയുടെ പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു. യൂണിറ്റിന് എന്നും താങ്ങും തണലുമായി നിലകൊള്ളുന്ന ഡോ. നന്ദിത ജസ്റ്റിന്റെ നേതൃത്വത്തിലുള്ള പി.ടി.എ എക്സിക്യൂട്ടിവ് ഭാരവാഹികളേയും മാതാപിതാക്കളേയും ഇത്തരുണത്തിൽ പ്രത്യേകം സ്മരിക്കുന്നു. താത്പര്യത്തോടുകൂടി വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥിസമൂഹത്തോടും നന്ദി.

ഈ 2023-2024 വിശ്വാസ പരിശീലനവർഷത്തിൽ നിങ്ങൾ ഓരോരുത്തരും തന്ന ആത്മാർത്ഥമായ സഹകരണത്തിനും പ്രാർത്ഥനകൾക്കും ഒത്തിരി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഫെബ്രുവരി മാർച്ച് മാസങ്ങളിൽ നടക്കുന്ന എല്ലാവിധ പരീക്ഷകൾക്കും വേണ്ടി കഠിനാധ്വാനം ചെയ്യുവാനും അങ്ങനെ നമ്മുടെ വിദ്യാർത്ഥികൾക്ക് ഉന്നതവിജയം നേടുവാനും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**ഡോ. ജോയ് കരേരക്കാട്ടിൽ**

പ്രിൻസിപ്പാൾ

"ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ട ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ട് ഞാൻ നിന്നെ താങ്ങി നിറുത്തും."

**ഏശയ്യ 41:10 .**

# ഇടവകയിൽനിന്നും മാറിയവർ

01/2024 ചിറ്റിലപ്പിള്ളി കുന്നത്ത് ചാക്കോ മകൻ ബിജു (സെന്റ് തോമസ് യൂണിറ്റ്) - മരത്താക്കര ഇടവകയിലേക്ക്

02/2024 കിടങ്ങത്തുപറമ്പിൽ കൊച്ചുമാത്യു മകൻ സുനിൽ (മഡോണ യൂണിറ്റ്) - കുറ്റൂർ ഇടവകയിലേക്ക്

# ഇടവകയിലേക്ക് വന്നവർ

വെട്ടുകാട്ടിൽ ജോസഫ് ഭാര്യ മേരി ജോസഫ് - ഹോളി ട്രിനിറ്റി യൂണിറ്റ്

ഇഞ്ചോടിക്കാരൻ ജോസഫ് മകൻ ജോൺ - സെന്റ് ആന്റണീസ് യൂണിറ്റ്

ബ്രഹ്മകുളം ജോസഫ് മകൻ ആൻഡ്രൂസ് - സെന്റ്സെബാസ്റ്റ്യൻ യൂണിറ്റ്

# ഞങ്ങൾ വരവായി

| രജി. നമ്പർ | ജനനം | മാമ്മോദീസ | |
|---|---|---|---|
| 27/2023 | 01.12.2023 | 26.12.2023 | ആലപ്പാട്ട് പൊന്തേക്കൻ ഡെന്നി ഫ്രാങ്കോ & നിനു ജോസ് മകൾ മറിയം (തളിർ ഡെന്നി) |
| 31/2023 | 10.07.2023 | 30.12.2023 | ചക്രമാക്കിൽ ഫ്രെഡി ആന്റോ & നീതു ഫ്രെഡി മകൾ റോസ് (അമേലിയ ഫ്രെഡി) |
| 32/2023 | 27.09.2023 | 31.12.2023 | വടക്കേത്തല കണ്ണാത്ത് മിക്കി ജേക്കബ് & റീറ്റ ഡോലി ജോബാർഡ് മകൾ ഈസർ ആൻ ജേക്കബ് |
| 33/2023 | 29.07.2023 | 30.12.2023 | മണവാളൻ സ്മിന്റോ ജോസ് & നെഫ്രി മകൻ ജോസഫ് (ഹെൻറിക്ക് സ്മിന്റോ) |
| 01/2024 | 20.07.2023 | 06.01.2024 | മഞ്ഞളി ജീസ് ജോഷ് & ലിൻഡ ജോൺസൺ മകൾ ഇസബെൽ മരിയ |
| 02/2024 | 06.12.2023 | 03.02.2024 | കാരാത്ര ടെറിൻ & അനു ഡേവിസ് മകൾ കൊച്ചുത്രേസ്യ (നോറ ടെറിൻ) |

# ഞങ്ങൾ യാത്രയായി

01/2024 തേറാട്ടിൽ കുരിയൻ ഫ്രാൻസിസ് ഭാര്യ എൽസി (76 വയസ്സ്)

- സെന്റ് ജോസഫ് യൂണിറ്റ്.



# ഞങ്ങൾ ഒന്നായി



31.12.2023 അയ്യന്തോൾ ഇടവക വെള്ളേപ്പറമ്പിൽ റാഫേൽ & ഷീബ മകൻ അഖിൽ റാഫേൽ
ഒളരിക്കര അടമ്പുകുളം സൈമൺ & ലൂസി മകൾ സോണിയ

03.01.2024 അയ്യന്തോൾ ഇടവക ബ്രഹ്മകുളത്ത് തെക്കത്ത് സണ്ണി & ജൂലി മകൾ റൈന
ചങ്ങനാശ്ശേരി അതിരൂപത ഇത്തിത്താനം ഇടവക അത്തിക്കളം ജോസഫ് ഫിലിപ്പ് & എൽസമ്മ മകൻ എബിൻ

06.01.2024 അയ്യന്തോൾ ഇടവക പനയ്ക്കൽ ഡോൺസൺ & ഷെറീന മകൾ വെൽമ ഡോൺസൺ
തിരുവനന്തപുരം വെള്ളയമ്പലം ഇടവക അനുഗ്രഹ വീട്ടിൽ ഷാജൻ ജോൺസ് & ശോഭ മകൻ ആഷ്‌ലി ജോൺസ്

07.01.2024 അയ്യന്തോൾ ഇടവക കരേരക്കാട്ടിൽ ജോൺസൺ & റീന മകൻ മെൽവിൻ ജോൺസൺ
പുറനാട്ടുകര ഇടവക ചുങ്കത്ത് സണ്ണി & സാധുവി മകൾ സാലിയ

07.01.2024 അയ്യന്തോൾ ഇടവക ഒലക്കേങ്കിൽ പോൾ & ഷൈനി മകൾ ഫ്രിൻസി പോൾ
അവിണിശ്ശേരി ഇടവക നെല്ലങ്കര ജോസ് & ഷീല മകൻ എവിൻ ജോസ്

07.01.2024 അയ്യന്തോൾ ഇടവക തലക്കോട്ടൂർ സ്റ്റീഫൻ & ആലീസ് മകൻ നിർമ്മൽ സ്റ്റീഫൻ
പറവട്ടാനി ഇടവക തെക്കിനിയത്ത് ജോബി & മിനി മകൾ സ്നേഹ ജോബി

10.01.2024 അയ്യന്തോൾ ഇടവക ഇരിമ്പൻ വിത്സൻ & ഷിപ്സി മകൻ ഷോജിൻ
അമ്മാടം ഇടവക എരിഞ്ഞേരി പോൾ & റോസി മകൾ പ്രിറ്റ

17.01.2024 അയ്യന്തോൾ ഇടവക ചേറ്റുപുഴക്കാരൻ പോൾ & ലിസ്സി മകൻ ലെവിൻ പോൾ
ഒല്ലൂക്കര ഇടവക ചിറയത്ത് സിൽവെസ്റ്റർ & മോളി മകൾ മരിയ സിൽ വെസ്റ്റർ

21.01.2024 അയ്യന്തോൾ ഇടവക ഊളക്കാടൻ ലാസർ & വൽസ മകൻ ഡെൽവിൻ ലാസർ
കൂനംമൂച്ചി ഇടവക തരകൻ ബെന്നി & ഗ്രേയ്സി മകൾ ബിമിത

*മരിയനാദം കേന്ദ്രകുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 10-12-2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ മതബോധന വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഉപന്യാസം*

**വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യം**

# വിശ്വാസപരിശീലനം

Cairms Jaison, **ക്രിസ്തുരാജ**

എന്താണ് വിശ്വാസപരിശീലനം? നമ്മുടെ വിശ്വാസം ക്ഷയിച്ചുപോകാതെ ശ്രദ്ധിക്കുകയും വിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒന്നാണ് വിശ്വാസപരിശീലനം. വിശ്വാസപരിശീലനം പ്രാധാന്യം അർഹിക്കുന്നുണ്ട്. എന്നാൽ, ഇക്കാലത്ത് വിശ്വാസപരിശീലനം ഉപകരിക്കുമോ? എന്തെങ്കിലും പ്രയോജനമുണ്ടോ? തുടങ്ങിയ കാര്യങ്ങൾ നമുക്ക് നോക്കാം.

വിശ്വാസപരിശീലനം മനസ്സിലാക്കണമെങ്കിൽ വിശ്വാസമെന്തെന്ന് നാം ആദ്യം അറിയണം. ദൈവവുമായി നമ്മെ ഐക്യപ്പെടുത്തുന്ന ഒന്നാണ് വിശ്വാസം. പ്രത്യാശിക്കുന്നവ ലഭിക്കുമെന്നും കാണപ്പെടാത്തവ ഉണ്ടെന്നും ഉള്ള ബോധ്യമാണ് വിശ്വാസത്തിന് അടിസ്ഥാനം. (ഹെബ്രാ. 11:1). ഈ വിശ്വാസത്തിന് ഭംഗം വരാതെ നാം ശ്രദ്ധിക്കണം. എന്നാൽ എങ്ങനെ?

നമുക്ക് അറിയാവുന്നതുപോലെ ഇന്നത്തെ ആധുനിക ലോകത്തിൽ ഭൗതിക വസ്തുക്കൾ മനുഷ്യനെ വിശ്വാസത്തിൽനിന്നും ഇടറിച്ചിട്ടുണ്ട്. മൊബൈൽ ഫോൺ, ടെലിവിഷൻ എന്നീ വസ്തുക്കൾ നമ്മുടെ വിശ്വാസത്തിന് വിള്ളൽ ഉണ്ടാക്കിയിട്ടുണ്ട്. ഈ അവസ്ഥയ്ക്കിടയിലും വിശ്വാസം നിലനിർത്തുന്നത് നാം മനസ്സുറപ്പിച്ചാൽ സാധ്യമാണ്. ഈ വിശ്വാസത്തിന്റെ നിലനിൽപ്പിന് സഹായിക്കുന്നത് വിശ്വാസ പരിശീലനം എന്ന പുണ്യകർമ്മമാണ്.

സത്യത്തിൽ വിശ്വാസപരിശീലനം ഈ കാലത്ത് ഉപകാരപ്രദമാണോ?

നിരവധി ചോദ്യങ്ങൾ ഇപ്പോഴും ബാക്കിയാണ്. വിശ്വാസപരിശീലനം നമ്മെ സഹായിക്കുന്നത് പലവിധത്തിലാണ്:

- ദൈവവുമായി ഐക്യപ്പെടാൻ
- മിശിഹായെക്കുറിച്ചറിയാൻ
- സുവിശേഷം പ്രസംഗിക്കാൻ
- പരിശുദ്ധാത്മാവിനെ അറിയാൻ
- വിശ്വാസരഹസ്യങ്ങളിൽ ആഴപ്പെടാൻ
- ക്ഷയിച്ചുപോയ വിശ്വാസത്തെ പുനർജീവിപ്പിക്കാൻ

നിരവധി ചോദ്യങ്ങൾക്ക് ഉത്തരമാകുന്നത് ഇതിന്റെ ഉപകാരം തന്നെയാണ്. ഞാൻ പറയുന്നത്, വിശ്വാസപരിശീലനം നിർത്തേണ്ട ഒന്നല്ല. മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെ അത് തുടരണം. വിശ്വാസപരിശീലനം നമ്മെ ശുദ്ധീകരിച്ച് ദൈവ

തിരുമുമ്പിലേക്ക് കടത്തുന്ന ഒന്നാണ്. എന്നാൽ ആ പുണ്യകർമ്മത്തിൽ നാം ആത്മാർത്ഥമായി പങ്കുചേരണം. എന്നാൽ മാത്രമേ ഈ സൗഭാഗ്യങ്ങളൊക്കെയും നമുക്കു ലഭിക്കുകയുള്ളൂ.

---

മരിയനാദം കേന്ദ്രകുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 10-12-2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ മതബോധന വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ

# സൗഹൃദത്തിന്റെ വില

എയ്ഡൻ ജോഷി എൽ.പി.
ചെറുകഥ 8th to 12th

ഓരോ സൗഹൃദവും വിലപ്പെട്ടതാണ്, അത് നാം നഷ്ടമാക്കുന്നതുവരെ. ബൈബിൾ തന്നെ നല്ല സൗഹൃദങ്ങളെപ്പറ്റി പറയുന്നുണ്ട്. അത്തരത്തിലുള്ള കഥയാണിത്. ഈ കാലഘട്ടത്തിൽ സൗഹൃദമാണല്ലോ ഓരോ ജയത്തിന്റെയും തോൽവിയുടെയും കാരണം. അധികം വൈകിക്കാതെ കഥയിലേക്ക് കടക്കാം.

അങ്ങനെ ഒരു ജൂൺമാസം കൂടി വന്നു. അവൾ തന്റെ ഉറ്റ കൂട്ടുകാരിയെ കാണാനുള്ള തിടുക്കത്തിലായിരുന്നു. രണ്ടുമാസം അവധി ആഘോഷിച്ചതിനുശേഷം പതിവുപോലെ സ്കൂൾ തുറന്നു. അവൾ വേഗം നടന്നു. തന്റെ കൂട്ടുകാരി പതിവുസ്ഥലത്തുതന്നെ നിൽപ്പുണ്ടായിരുന്നു. അവർ അങ്ങനെ തങ്ങളുടെ അവധിവിശേഷങ്ങൾ പറഞ്ഞ് അവരുടെ ക്ലാസുകളിലേക്ക് നടന്നു, അവർ ഇരിക്കാറുള്ള സ്ഥലത്തു പോയി ഇരുന്നു. ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെ അവർ ഒന്നിച്ചായിരുന്നു. ഇനി ഈ കൊല്ലം അവർ ഹൈസ്കൂളിലേക്ക് കടക്കുകയാണ്. ഇനി ഒരു മാറ്റം, അവർക്ക് ആലോചിക്കാൻ കഴിഞ്ഞില്ല. അധ്യാപിക വന്നു, തന്റെ ക്ലാസിലേക്ക് ഉള്ള കുട്ടികളുടെ പേരുവിളിച്ചു, പക്ഷേ അതിൽ അവളുടെ പേര് മാത്രം ഉണ്ടായില്ല. ടീച്ചറോട് പലവട്ടം പറഞ്ഞുനോക്കി. എന്നിട്ടും ഒരു രക്ഷയുമില്ല. അവർക്ക് രണ്ടു പേർക്കും ആകെ സങ്കടമായി. എന്തായാലും അപ്പുറത്തെയും ഇപ്പുറത്തെയും ക്ലാസുകളായതുകൊണ്ട് ഉച്ചസമയത്ത് ഇന്റർവെല്ലിന് കാണാം എന്ന് പറഞ്ഞ് അവർ സമാധാനിച്ചു.

മാസങ്ങൾ അങ്ങനെ കഴിഞ്ഞുപോയി. എന്തോ അവൾക്ക് ഇപ്പോൾ പുറത്ത് ഇറങ്ങാൻ വലിയ മടിയാണ്, സ്കൂളിൽ പോകാൻ വലിയ ഉത്സാഹമൊന്നുമില്ല. എന്താണ് കാര്യമെന്ന് അമ്മ ചോദിക്കുമ്പോൾ ഒന്നുമില്ല എന്ന് പറയും. ഒരിക്കൽ അവളുടെ അമ്മ ക്ലാസിൽ കയറി അധ്യാപികയോട് എന്താണ് കാര്യമെന്ന് തിരക്കി. ഇതാ അവളുടെ ഉറ്റ സുഹൃത്ത് അവളോട് മിണ്ടുന്നില്ല. അവൾക്ക് മാസങ്ങൾ കൊണ്ട് പുതിയ കൂട്ടുകാരെ ലഭിച്ചു, അവൾ അവളെ മറന്നു. ഇപ്പോൾ അവർ പരസ്പരം സംസാരിക്കുകപോലുമില്ല. അതിന്റെ വിഷമത്തിൽ ആണ് അവൾ. അങ്ങനെ വർഷ

ങ്ങൾ കഴിഞ്ഞു. അവർ അവരുടെ രീതിയിൽ പുതിയ കൂട്ടുകാരുമായി വളർന്നു. ഒരുവൾ നന്നായി പഠിച്ച് നല്ല ജോലി വാങ്ങി ജോലിചെയ്യുകയായിരുന്നു. മറ്റവൾ തന്റെ കൂട്ടുകാരുമൊത്ത് ലോകം ചുറ്റി നടക്കുകയാണ്. ഇടയ്ക്ക് എവിടെയോ അവൾ ഓർക്കും തന്റെ പഴയ കൂട്ടുകാരിയെപ്പറ്റി, അവർ പങ്കിട്ട മനോഹര നിമിഷങ്ങളെപ്പറ്റി. എന്നാലും ഒന്നും അറിയാത്തപോലെ, എവിടെയെങ്കിലും ഒന്നു കണ്ടാൽ മിണ്ടുകപോലും ചെയ്യാതെ അവൾ നടക്കും. അവർക്ക് പണവും സമ്പത്തും ഉള്ളതുകൊണ്ടാകാം ചിലപ്പോൾ അവൾ അങ്ങനെ ചെയ്തത്. എങ്കിലും ചില ബന്ധങ്ങൾ അങ്ങനെയാണ്. അതിന്റെ പേരിൽ ചിലപ്പോൾ ഒരു കാരണംപോലുമില്ലാതെ ആ ബന്ധങ്ങൾ അങ്ങനെ മുഴുവനായും നിലയ്ക്കും. ഓർമ്മകൾക്ക് മാത്രമായി, ചിലപ്പോൾ ഓർമ്മകൾപോലും ഇല്ലാതെ അത് ഇല്ലാതാകും. അപ്പോഴാണ് സൗഹൃദത്തിന്റെ വില നാം മനസ്സിലാക്കുക.

---

മരിയനാദം കേന്ദ്രകുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 10-12-2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ മതബോധന വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കവിത.

കവിത
Topic എന്റെ ബാല്യം
8th to 12th

# ബാല്യമാം ഏടുകൾ

**ആൻ തെരേസ,**
**സെന്റ് ആന്റണി**

മച്ചിൻപുറത്തെ പൊടിപിടിച്ച പുസ്തകക്കെട്ടിൽ
ചിതൽമേഞ്ഞ തലക്കെട്ടു ഞാൻ പരതി
കണ്ടു ഞാൻ 'എന്റെ ബാല്യം' ഏടോരോന്നു എന്തോ-
കാര്യമായി മന്ത്രിച്ചു, അപ്പനും അമ്മയും കാവലിരുന്നു
പഠിപ്പിച്ച ബാലപാഠം കൂട്ടുകാരനീശോ
പുലരാൻനേരം കുരിശിനാലെന്നെ മുദ്രിതയാക്കി
അഞ്ചുനിമിഷമെന്ന കള്ളം കൂടെക്കൂടെയോതി
യേശുവിൻ സന്നിധേ കൂട്ടിരുത്തി
ഉടുപ്പിനടിയിൽ ഒളിപ്പിച്ച ചൂരലിന്റെ കഥയോതി
വില്ലൻവേഷവും പകർന്നേകി അമ്മയെൻ വികാരിയച്ചന്
എന്നിൽ നിഴലായിരുന്നു അവരുടെ കണ്ണുകൾ
പിന്നോട്ടു നോക്കാതെ പോയന്നെൻ ബാല്യം
ഇന്നലെകൾ പോലെ, എന്തെ യാത്ര പറഞ്ഞീലാ!
കൊതിക്കയാണാ വിശുദ്ധി, ഇന്നുമീ പള്ളിമുറ്റത്തുനിന്ന്...

# ബൈബിൾ ക്വിസ്

## 2024 ഫെബ്രുവരി



### ന്യായാധിപന്മാർ – 8, 9, 10 അദ്ധ്യായങ്ങൾ

1. ഗിദെയോൻ തന്റെ അനുയായികൾക്ക് അപ്പം കൊടുക്കുവാൻ പറഞ്ഞപ്പോൾ അത് നിരസിച്ചത് ആരൊക്കെയാണ്?
2. സുക്കോത്തുകാരെ എങ്ങനെയാണ് ഗിദെയോൻ പാഠം പഠിപ്പിച്ചത്?
3. സേബായേയും സൽമുന്നായേയും വധിക്കുവാൻ ഗിദെയോൻ ആവശ്യപ്പെട്ടത് ആരോടാണ്?
4. ഞാൻ നിങ്ങളെ ഭരിക്കുകയില്ല എന്റെ മകനും ഭരിക്കയില്ല. പിന്നെയോ ആര് ഭരിക്കുമെന്നാണ് ഗിദെയോൻ ഇസ്രായേൽ ജനത്തോട് പറഞ്ഞത്?
5. യുദ്ധത്തിൽനിന്ന് കിട്ടിയവകൊണ്ട് എഫോദ് നിർമ്മിച്ച ഗിദയോൻ അത് എവിടെ സ്ഥാപിച്ചു?
6. ഗിദെയോനും കുടുംബത്തിനും കെണിയായിത്തീർന്നു. എത്?
7. അബിമെലെക് ജറൂബ് ബാലിന്റെ മക്കളെ ഒരേ കല്ലിൽവച്ച് കൊന്നു. ആരാണ് അവനിൽനിന്ന് രക്ഷപ്പെട്ടത്?
8. ഒരു സ്ത്രീ എന്നെ കൊന്നു എന്ന് എന്നെക്കുറിച്ച് പറയാതിരിക്കാൻ നിന്റെ വാൾ ഊരി എന്നെ കൊല്ലുക എന്ന് അബിമെലെക്ക് ആരോടാണ് പറഞ്ഞത്?
9. തോലയുടെ പിതാവ് ആരായിരുന്നു?
10. തോലയ്ക്കുശേഷം രാജാവായത് ആരാണ്? എത്ര വർഷം ന്യായപാലനം നടത്തി?

### ജനുവരി 2024 – ഉത്തരങ്ങൾ

1. ദബോറാ പ്രവാചികയെ
2. അബിനോവാമിന്റെ മകനായ ബാറക്കിനോട്
3. ഹേബെറിന്റെ ഭാര്യ ജായേൽ
4. ആഷേർ
5. സെബുലൂൺ
6. യാഹ്‌വേ - ഷാലോം, കർത്താവ് - സമാധാനം
7. ആട്ടിൻരോമം കൊണ്ടുള്ള വസ്ത്രം ഞാൻ കളത്തിൽ വിരിക്കുന്നു. അതിൽ

മാത്രം മഞ്ഞു കാണപ്പെടുകയും കളം മുഴുവൻ ഉണങ്ങിയിരിക്കുകയും ചെയ്താൽ

8. വെള്ളം നക്കിക്കുടിച്ച മൂന്നൂറു പേരെ കൊണ്ട്

9. ഇസ്രായേല്യനായ യോവാഷിന്റെ പുത്രൻ ഗിദയോന്റെ വാൾ

10. ഓറെബ്, സേബ്

**2024 ജനുവരി മാസത്തെ ലോഗോസ് ക്വിസിൽ**
**മുഴുവൻ ഉത്തരം ശരിയാക്കിയവർ**

1. മേഴ്സി ജെസീന്റോ - സെന്റ് തോമസ് യൂണിറ്റ്
2. ലില്ലി കുരിയൻ - സെന്റ് മേരീസ്
3. ഡെയ്സി അന്തപ്പൻ - സെന്റ് മേരീസ്
4. മേരി രാജു - സെന്റ് സേവിയേഴ്സ്

**ജനുവരി മാസത്തെ വിജയി**
**ലില്ലി കുരിയൻ, സെന്റ് മേരീസ് യൂണിറ്റ്**


## St Mary's Assumption Church Ayyanthole
## Mariyanadham Parish Bullettin
## Advts. New Tariff Rates

### Multi-colour Advts.

| | | |
|---|---|---|
| Front Inner Cover Page | : | Rs. 2000/- |
| Back Inner Cover Page | : | Rs. 1800/- |
| Back Cover Page | : | Rs. 2800/- |
| Centre Spread Two Pages | : | Rs. 3200/- |
| Inside Any Full Page | : | Rs. 1500/- |
| Inside Any Half Page | : | Rs. 750/- |

### Black & White Advts.

| | | |
|---|---|---|
| Inside Any Full Page | : | Rs. 900/- |
| Inside Any Half Page | : | Rs. 500/- |

**Discounts**

One year Colour / B&W Advts. : 10%

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് ഫെബ്രുവരി 20-ാം തിയ്യതിക്കു മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.

എറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

---

**ചായമിടൽ മത്സര വിജയി – ജനുവരി 2024**

**ഒവിനാ മേരി കെ.ആർ**

ഇന്ത്യയിലെ ഇന്ത്യക്കാരനായ ആദ്യത്തെ ആർച്ച് ബിഷപ്പ്
മാർ. ജോസഫ് കരിയാറ്റി



ജനനം : 05.05.1742
മരണം : 10.09.1786

# 9-ാം ചരമവാർഷികം

25.01.2024



# കെ.സി. ചാക്കുണ്ണി

ജനനം : 30.01.1936 മരണം : 25.01.2015

കരിയാറ്റി ഹൗസ്

റിട്ട. സൂപ്രണ്ട്, ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റ്

പുതൂർക്കര, അയ്യന്തോൾ

സ്നേഹസ്മരണകളോടെ

ഭാര്യ : ആനി ചാക്കോ

മക്കൾ : ലിൻസി, ഹിറ്റ്ലസ്, ജെസ്മോൻ, ടോമീസ്, ലിസ്മോൾ

മരുമക്കൾ : ഫ്രാൻസീസ്, ഷീജ, റോസ്മോൾ, പോൾ

പേരക്കുട്ടികൾ : ടിന്റു, ടിറ്റു, അലൻ, ജെറോം, ഫെൽപ്സ്, ഷോൺ

സെന്റ് ജോൺ കുടുംബകൂട്ടായ്മ

# 8-ാം ചരമവാർഷികം

## 25.02.2024



## അക്കരപട്ട്യേക്കൽ കൊച്ചാപ്പു മകൻ

# അന്തപ്പൻ

ദൈവസന്നിധിയിൽ നിന്ന് : 06.03.1931
ദൈവസന്നിധിയിലേക്ക് : 25.02.2016

സ്നേഹസ്മരണകളോടെ...

**കുടുംബാംഗങ്ങൾ**

സെന്റ് മേരീസ് കുടുംബകൂട്ടായ്മ

# 2-ാം ചരമവാർഷികം

05-02-2024



കൂത്തൂർ വെള്ളാട്ടുകര തോമ മകൻ

# വർഗ്ഗീസ്

ജനനം ; 01-10-1942 മരണം : 05-02-2022

പ്രാർത്ഥനാപൂർവ്വം :

**ഭാര്യ ജെസ്സി വർഗ്ഗീസ്, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**

സെന്റ് ജോസഫ് കുടുംബകൂട്ടായ്മ


കട്ടിള നല്ലതാണെങ്കിൽ
തലമുറകളുടെ കഥകൾ പറയും
Ocean
LYKE WOOD
...better than wood
DOOR & WINDOW
FRAME
മരത്തിനേക്കാൾ ഉറപ്പേറിയത്
ചിതൽപിടിക്കില്ല
നനഞ്ഞാലും വികസിക്കില്ല
Ocean
WE GIVE LIFE TO PLASTIC
OCEAN POLYMER INDUSTRIES PVT. LTD.
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in
FOR TRADE ENQUIRIES CALL: 0487- 2202787
CUSTOMER CARE : 8137009888